**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4673** **26.06.2019 ലെ മറുപടിക്ക്**

## <u>കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) പച്ചക്കറി, പഴം മുതലായ കാർഷിക ഉല്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ)പച്ചക്കറി പഴം മുതലായ കാർഷികോൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രസർക്കാരിന്റെ പ്ലാന്റ് കോറന്റൈൻ സ്റ്റേഷനുകൾ ഉണ്ട്. കൊച്ചി വിമാനത്താവളത്തിൽ പഴം പച്ചക്കറി കയറ്റുമതിയ്ക്കാവശ്യമായ ശീതീകരണ സംവിധാനങ്ങൾ ഉണ്ട്. കയറ്റുമതിയ്ക്കാവശ്യമായ അപേഡ അംഗീകൃത പായ്ക്ക് ഹൗസുകൾ മൂവാറ്റുപുഴ വയനാട് എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമമാണ്. കൂടാതെ സ്വകാര്യമേഖലയിൽ തൃശ്ശൂർ ഇരിങ്ങാലക്കുടയിൽ ഒരു അംഗീകൃത പായ്ക്ക് ഹൗസ് ഉണ്ട്. കേരളാ കാർഷിക സർവ്വകലാശാലയുടെ എൻ.എ.ബി.എൽ അംഗീകാരമുള്ള തിരുവനന്തപുരത്തുള്ള ലബോറട്ടറി, സ്വകാര്യമേഖലയിൽ എറണാകുളത്തുള്ള ലബോറട്ടറി എന്നിവയും കയറ്റുമതിയ്ക്കായുള്ള സംസ്ഥാന സംവിധാനങ്ങളാണ്. തൃശ്ശൂരിൽ മറ്റൊരു പായ്ക്ക് ഹൗസ് പണി പൂർത്തീകരിച്ച് വരുന്നു. കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഒരു കയറ്റുമതി നയത്തിന് രൂപം കൊടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെ -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മുൻകാലങ്ങളെ അപേക്ഷിച്ച് പഴം, പച്ചക്കറി, മറ്റ് കാർഷിക ഉല്പന്നങ്ങൾ എന്നിവ കയറ്റുമതി ചെയ്യുന്നതിൽ | (ബി) കേരളത്തിൽ നിന്നുള്ള പഴം പച്ചക്കറിയുൾപ്പെടെയുള്ള കയറ്റുമതിയിൽ വർദ്ധന ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് നിപ്പാ |

| | |
|---|---|
| വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ; | വൈറസ് പ്രശ്നം കയറ്റുമതിയെ ദോഷകരമായി ബാധിച്ചത്. കയറ്റുമതിയ്ക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം പിൻവലിച്ചിട്ടുണ്ട്. അതിൽ നിന്നും പ്രസ്തുത രംഗം കരകയറി വരുന്നുണ്ട്. |
| (സി).കാർഷികരംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | സി. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു.<br>1.വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം<br>2.പച്ചക്കറി തൈകളുടെ വിതരണം<br>3.മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യസംസ്കരണവും<br>4.സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി<br>5.പച്ചക്കറി കൃഷിയ്ക്കായി പരിശീലനം,ബോധവൽക്കരണം, പ്രചരണം<br>6.ജില്ലാ ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി<br>7.എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം<br>8.ഗ്രേഡ് ചെയ്ത ക്ലസ്ററുകളുടെ വികസനം<br>9.ബ്ലോക്ക് തല നഴ്സറികളുടെ വികസനം<br>10.മഴ മറകൾ സ്ഥാപിക്കൽ<br>11.സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും<br>12.തരിശുനിലകൃഷി<br>13.മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ കൾ മുഖേന പച്ചക്കറി വിത്ത് വിതരണം<br>14.വി.എഫ്.പി.സി.കെ വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം<br>15.ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം<br>പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ കഴിഞ്ഞ 3 വർഷം കൊണ്ട് വിസ്തൃതി 52830 ഹെക്ടറിൽ നിന്നും 82166.55 ഹെക്ടർ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br>നെൽക്കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>സംസ്ഥാന സർക്കാരിന്റെ നെൽക്കൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിന് മുൻ തൂക്കം നൽകി ക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കി വരുന്നു. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യവും നടപ്പിലാക്കി വരുന്നു.<br>നെൽക്കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി |

| | |
|---|---|
| | പ്രകാരം സുസ്ഥിര നെല്ക്കൃഷി വികസനം, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനം, ഔരുപ്പ് കൃഷി ഇരുപ്പൂവാക്കുന്നതിനുള്ള പദ്ധതി, കരനെൽ കൃഷി, തരിശ് നിലത്തിലെ കൃഷി. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു.<br>നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യവൈദ്യുതി അനുവദിക്കുന്നു.<br>2015-16 ൽ 196870 ഹെക്ടർ വിസ്തൃതിയായിരുന്ന നെൽക്കൃഷി 2017-18 ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കുവാനും പ്രളയത്തിൽ 35000 ഹെക്ടർ നെൽക്കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 വർഷം 202985 ഹെക്ടർ നെൽക്കൃഷി നിലനിർത്തുവാൻ സാധിച്ചു.<br>കിഴങ്ങു വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, സുഗന്ധ വിളകൾ പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.തെങ്ങ് കൃഷിയുടെ സമഗ്ര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് നല്ലരീതിയിൽ പ്രവർത്തനം നടത്തിവരുന്നു. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതികളും നടപ്പിലാക്കി വരുന്നു. കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി